# INTERNATIONAL INDIAN SCHOOL DAMMAM
## TERM II EXAMINATION (2017-18)
## MIDDLE SECTION

Subject: Malayalam — Marks - 80

Class-VII — Time – 3hrs

Iഗദ്യഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

ജീവൻെറ നിലനിൽപിന് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണ് ജലം. ജലവും ജീവജാലങ്ങളുമായുള്ള ബന്ധം അഭേദ്യമാണ് .ജീവൻെറ അംശം ഉണ്ടായതു തന്നെ ജലത്തിലാണ് എന്നാൽ ഇന്ന് ശുദ്ധജല ദൗർലഭ്യം ഒരു ജീവൽപ്രശ്നമായി മാറിക്കൊണ്ടിരിക്കുന്നു. ഇതിനു കാരണം നമ്മൾ തന്നെയാണെന്ന കാര്യത്തിൽ തർക്കമില്ല. പ്രകൃതി മനുഷ്യനു നൽകുന്ന ഒരു അനുഗ്രഹമാണ് മഴ. ഭൂമിയിലേക്കിറങ്ങുന്ന മഴവെള്ളം മണ്ണിലേക്കിറങ്ങാതെ വലിയൊരു ഭാഗം ഉപയോഗശൂന്യമായി ഒഴുകി പോകുന്നു. നാല്പതിലധികം നദികളും തോടുകളും കായലുകളും ഒക്കെയുള്ള നമ്മുടെ കേരളത്തിൽ ജലം പലവിധത്തിൽ മലിനീകരിക്കപ്പെടുന്നു. ഇതെല്ലാം തന്നെ ജലദൗർലഭ്യത്തിനു കാരണമാകുന്നു. നദീതീരത്തുള്ള ഫാക്ടറികളിൽ നിന്നും പുറത്തേക്കു വിടുന്ന മലിന ജലം മൂലം നദികളിലെ ജലം മലിനമായി തീരുന്നു .മത്സ്യങ്ങൾക്കും മറ്റു ജീവജാലങ്ങൾക്കും പിന്നീട് അതിൽ ജീവിക്കുവാൻ സാധ്യമല്ല. ഇങ്ങനെ നദികൾ നശിക്കുന്നു. വൻകിട ഫാക്ടറികൾ ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നതു കൊണ്ടും മഴവെള്ള സംഭരണത്തിൻെറ അപര്യാപ്തത കൊണ്ടും കുടിവെള്ളക്ഷാമം രൂക്ഷമാകുന്നു. മഴവെള്ളസംഭരണത്തിന് ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ താല്പര്യം കാണിച്ചു തുടങ്ങിയിട്ടുണ്ടെന്ന കാര്യം ആശ്വാസദായകമാണ്. ഭൂമിയിൽ വീഴുന്ന മഴവെള്ളം നഷ്ടപ്പെട്ടു പോകാതിരിക്കാൻ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഭൂമി തട്ടുതട്ടായി തിരിക്കുക, മരങ്ങൾ വച്ചു പിടിപ്പിക്കുക, പറമ്പുകളിൽ മഴവെള്ള സംഭരണികൾ ഉണ്ടാക്കുക, വെള്ളം ഒലിച്ചു പോകാതെ തടഞ്ഞു നിർത്തുക തുടങ്ങിയവ അവയിൽ പ്രധാനപ്പെട്ടവയാണ്. പഴയകാലത്തെ കാവുകളും കുളങ്ങളും നെൽപ്പാടങ്ങളും കണ്ടൽക്കാടുകളും ചതുപ്പു നിലങ്ങളും എല്ലാം മഹനീയമായ ഒരു ജല സംസ്കാരം നമ്മുടെ പൂർവ്വികർക്ക് ഉണ്ടായിരുന്നു എന്നതിൻെറ ഉദാഹരണങ്ങളാണ്. ജീവൻെറ നിലനില്പിനു തന്നെ അടിസ്ഥാനമായ ജലം സംരക്ഷിക്കുന്നതിനും സംഭരിക്കുന്നതിനുമുള്ള ശ്രദ്ധാപൂർവമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നാം ഓരോരുത്തരും ഉണർന്നു പ്രവർത്തിക്കണം.

1.ഭൂമിയിൽ വീഴുന്ന മഴവെള്ളം നഷ്ടപ്പെട്ടു പോകാതിരിക്കാനുള്ള പദ്ധതികൾ എന്തെല്ലാം? 2

2.ജലദൗർലഭ്യത്തിൻെറ കാരണങ്ങൾ എന്തെല്ലാം? 2

3.കുടിവെള്ളക്ഷാമം രൂക്ഷമാകാൻ കാരണമെന്ത് ? 2

4.നമ്മുടെ പൂർവികരുടെ ജലസംസ്കാരത്തിൻെറ ഉദാഹരണങ്ങൾ എന്തെല്ലാം ? 2

5.നദികൾ നശിക്കാൻ കാരണമെന്ത് ? 2

IIപദ്യം പൂരിപ്പിക്കുക(8 lines) 4

മലരണിക്കാടുകൾ..............................നിന്നെത്തി നോക്കി

IIIആശയവിപുലനം 5

'മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും
കല്ലിനുമുണ്ടാം സൗരഭ്യം.'

IVബ്രാക്കറ്റിൽ നിന്നും ശരിയായ അക്ഷരം തെരഞ്ഞെടുത്ത് പദം പൂരിപ്പിക്കുക 5x1=5

(ഹി, ന്നം, ബു, സ്ഥ, ഭൂ, ഹ്നം, സ്ത, ഡ, ധ്യാ, ഢ, ദ്യാ, ഗി )

1.സായാ...... 2.മാതൃ.....മി 3.കാലാവ...... 4.ദൃ.....പ്രതിജ്ഞ 5.അ.....പകൻ

Vഅർത്ഥമെഴുതുക 5x1=5

1.പക 2.അണുവിട 3.നിഗമനം 4.സുലഭം 5.ശതം

VIവിപരീതപദമെഴുതുക 5x1=5

1.സ്വദേശി 2.ബലം 3.അഭിമാനം 4.കാട് 5.നിരപരാധി

VIIപര്യായമെഴുതുക 5x1=5

1.സമരം 2.തിര 3.തീ 4.വാനം 5.സർപ്പം

VIIIനാനാർത്ഥമെഴുതുക 3x1=3

1.ശ്രേണി 2.മതം 3.പാദം

IXവിഗ്രഹിക്കുക 4x1=4

1.ബലിവേദി 2.വിദ്യാലയാന്തരീക്ഷം 3.ജാതിഭ്രഷ്ടൻ 4.കാനനഭംഗി

Xചേർത്തെഴുതുക 5x1=5

1.അതി + അധ്വാനം 2.കൂട്ട + കൊല 3.ഭിക്ഷ + ചോറ് 4.ക്രിസ്തു + അബ്ദം
5.മലര് + അണി

XIപിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക 5x1=5

1.കൈത്തൊഴിൽ 2.തലമുറയുടെ 3.മഞ്ഞല 4.കുട്ടിക്കാലം
5.അധിഷ്ഠിതമായ

XIIവാക്യത്തിൽ പ്രയോഗിക്കുക 2x1=2

1.അതുല്യസ്ഥാനം 2.ജീവനുതുല്യം

XIIIശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 5x1=5

1.ടാഗോറിൻെറ ഏതു കൃതിക്കാണ് നോബൽ സമ്മാനം ലഭിച്ചത് ?
(ഗീതാഞ്ജലി, കാബൂളിവാല, ഗോര)

2.ഒരു ഗ്രാമരംഗം എന്ന കവിത എഴുതിയതാര് ?
(ജി.ശങ്കരക്കുറുപ്പ്, ചങ്ങമ്പുഴ കൃഷ്ണപിള്ള, ഇടപ്പള്ളി രാഘവൻപിള്ള)

3.നൗജവാൻ ഭാരത്സഭ രൂപീകരിച്ചതാര് ?
(ഭഗത്സിംഗ്, സുഖ്ദേവ്, ചന്ദ്രശേഖർ ആസാദ്)

4.ശങ്കരാചാര്യരുടെ ജന്മസ്ഥലം ഏത് ?
(കാലടി, കാശ്മീരം, കാശി)

5.ശാന്തിനികേതനത്തിൻെറ ഇപ്പോഴത്തെ പേരെന്ത് ?
(കാശിവിദ്യാപീഠം, വിശ്വഭാരതിസർവ്വകലാശാല, കൽക്കത്താസർവ്വകലാശാല)

XIVഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക ( Any 3 ) 3x2=6

1.നമ്മുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ തുടിച്ചു നിൽക്കുന്നതെന്ത് ?
2.ഗ്രാമത്തിൻെറ ഏതു സവിശേഷതയാണ് മിന്നിത്തിളങ്ങുന്നത് ?
3.എവിടെയെല്ലാമാണ് ശങ്കരാചാര്യർ മഠങ്ങൾ സ്ഥാപിച്ചത് ?
5.ശാന്തിനികേതനത്തിൽ സാധാരണയായി ക്ലാസുകൾ നടന്നിരുന്നതെവിടെയാണ് ?

XVരണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക ( Any 2 ) 2x3=6

1.ശാന്തിനികേതനം സ്ഥാപിക്കുന്നതിനു മഹാകവിയിൽ പ്രേരണ ചെലുത്തിയ സംഭവം എന്തായിരന്നു ?
2.ഗുരുവിൻെറ മറുപടി ചുരുക്കി എഴുതുക ?
3.ജാലിയൻവാലാബാഗിൽ നടന്നതെന്ത് ?

XVIമൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക ( Any 1 ) 1x5=5

1.വൈസ്രോയിക്കും മറ്റുന്നത ബ്രിട്ടീഷുദ്യോഗസ്ഥർക്കും ഭഗത്സിംഗിനോട് പക തോന്നാൻ കാരണമെന്ത് ?
2.മുതലയുടെ പിടിയിൽ നിന്നും ശങ്കരാചാര്യർ രക്ഷപെട്ടതെങ്ങനെ?